## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3211 13.10.2011-ൽ മറുപടിക്ക്.

### കൊച്ചിൻ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം നഷ്ടപ്പെട്ടവർക്ക് ജോലി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോസ് തെറ്റയിൽ | | ശ്രീ. കെ. ബാബു (എക്സൈസും തുറമുഖവും വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചിൻ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമ്മാണത്തിനായി എത്ര കുടുംബങ്ങൾക്ക് സ്ഥലം നഷ്ടപ്പെട്ടിട്ടുണ്ട്; ഇതിൽ എത്ര പേർക്ക് ജോലി നൽകിയിട്ടുണ്ട്; ഇവരുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) & (ബി) | കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമ്മാണത്തിനായി മൊത്തം 3824 ലാന്റ് അക്വിസിഷൻ നമ്പറുകളിലായി ഭൂമി ഏറ്റെടുത്തതിൽ, 822 എണ്ണം വീടും സ്ഥലവും നഷ്ടപ്പെട്ടവയും, 3002 എണ്ണം സ്ഥലം മാത്രം നഷ്ടപ്പെട്ടവയുമാണ്. വിമാനത്താവള കമ്പനിയിൽ (സിയാൽ) മാത്രമായി ഇതുവരെ 193 വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് നേരിട്ട് നിയമനം ലഭിച്ചിട്ടുണ്ട്. ഇതിൽ 153 പേർ വീട് നഷ്ടപ്പെട്ടവരും 40 പേർ സ്ഥലം മാത്രം നഷ്ടപ്പെട്ടവരുമാണ്. വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഇവർക്ക് വിമാനത്താവളത്തിലെ ഏതെല്ലാം വിഭാഗങ്ങളിലാണ് ജോലി നൽകിയിട്ടുള്ളത്; | | |
| (സി) | സ്ഥലം നഷ്ടപ്പെട്ടിട്ടും ഇതുവരെ യാതൊരു ജോലിയും ലഭിക്കാത്തവർക്ക് ജോലി ലഭ്യമാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (സി) | ജോലി, മറ്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്ക് വീട് നഷ്ടപ്പെട്ടവർ, സ്ഥലം നഷ്ടപ്പെട്ടവർ എന്ന മുൻഗണന ക്രമത്തിലാണ് സിയാൽ പരിഗണന നൽകുന്നത്. സിയാലിൽ നേരിട്ടുള്ള നിയമനം കൂടാതെ, പ്രീപെയ്ഡ് ടാക്സി പെർമിറ്റ്, STD ബൂത്ത് തുടങ്ങിയ ആനുകൂല്യങ്ങൾ, എയർപോർട്ടിൽ പ്രവർത്തിക്കുന്ന മറ്റ് ഏജൻസികളിൽ ജോലി എന്നിവയടക്കം ഏകദേശം 1000 - ഓളം വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. വിമാനത്താവളത്തിനുവേണ്ടി വീട് നഷ്ടപ്പെട്ട |

| | | | |
|---|---|---|---|
| | | | കുടുംബങ്ങൾക്കെല്ലാം അടുത്ത മൂന്നു വർഷത്തിനുള്ളിൽ എയർപോർട്ട് കമ്പനിയിലും അനുബന്ധ സ്ഥാപനങ്ങളിലും മറ്റ് ഏജൻസികളിലുമായി ജോലിയോ മറ്റ് ആനുകൂല്യങ്ങളോ നൽകുവാനുള്ള ശ്രമത്തിലാണ് എയർപോർട്ട് മാനേജ്മെന്റ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.